# ഇസ്‌ലാമും
## അമുസ്‌ലിം ആഘോഷങ്ങളും

[ Malayalam - മലയാളം - مليالم ]

﴿ الإســلام وأعيــاد الكفــار ﴾


തയ്യാറാക്കിയത്:

**സയ്യിദ് സഅ്ഫർ സ്വാദിഖ്**

الإعداد: سيد سعفر صادق



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1432 – 2011

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

ഇസ്ലാം പ്രപഞ്ചനാഥനിൽ നിന്നും അവതീർണമായ മതമാണ്, അതുകൊണ്ട് തന്നെ അതിൽ വ്യക്തവും, കൃത്യവും, മുഴുവൻ മനുഷ്യർക്കും ഉൾകൊള്ളാൻ കഴിയുന്നതുമായ നിയമങ്ങൾ മാത്രമാണുള്ളത്. മനുഷ്യർ പരസ്പരം സഹായിച്ചും, സഹകരിച്ചുമാണ് ജീവിക്കേണ്ടത്. മനുഷ്യർ എന്നുള്ള നിലക്ക് ഒരു മുസ്ലിമിന് മറ്റു മനുഷ്യരുമായി എങ്ങിനെ ജീവിക്കണമെന്ന കൃത്യമായ നിയമങ്ങൾ ഇസ്ലാം പഠിപ്പിക്കുന്നുണ്ട്, പ്രവാചകൻ പ്രവർത്തിച്ച് കാണിച്ചു തരുകയും ചെയ്തു. പ്രവാചകന്റെ ജീവിതത്തിലൂടെ കണ്ണോടിക്കുമ്പോൾ നമുക്കത് വ്യക്തമായി കാണാവുന്നതാണ്.

## മുസ്ലിംകളല്ലാത്തവരോടുള്ള കടമകൾ

മുസ്ലിമായ വ്യക്തി തന്റെ സഹോദരനായ അമുസ്ലിമിനോട് ഏറ്റവും ഉത്തമമായ രീതിയിലാണ് പെരുമാറേണ്ടത്, മനുഷ്യൻ എന്ന മുഴുവൻ പരിഗണ നയും അവർക്ക് നൽകേണ്ടതുണ്ട്. പ്രവാചകൻ (ﷺ) അതാണ് നമുക്ക് കാണിച്ചു തന്നിരിക്കുന്നത്. പണക്കാരായ അനുചരൻമാർ ഉണ്ടായിരിക്കെ നബി(ﷺ)ക്ക് പശിയടക്കുവാൻ അൽപം ഗോതമ്പിനായി തന്റെ പടയങ്കി പണയം വെക്കുന്നത് തന്റെ അയൽവാസിയായ ജൂതന്റെ പക്കലായിരുന്നു. ആ കാര്യം പ്രിയ പത്നി ആയിശ(رضي الله عنها) വ്യക്തമാക്കുന്നത് കാണുക.

( توفي رسول الله صلى الله عليه وسلم ودرعه مرهونة عند يهودي بثلاثين صاعا من شعير) صحيح البخاري - كتاب الجهاد والسير

'നബി(ﷺ) വഫാതാകുമ്പോൾ തന്റെ പടയങ്കി മുപ്പത് സ്വാഅ് ഗോതമ്പിന് ഒരു ജൂതന്റെ അടുത്ത് പണയത്തിലായിരുന്നു.' (ബുഖാരി)

ഒരു മുസ്ലിം തന്റെ അയൽവാസിയെ എങ്ങിനെ പരിഗണിക്കണമെന്ന് കത്യമായ നിയമത്തിലൂടെ നബി(ﷺ) പഠിപ്പിച്ച് തന്നിരിക്കുന്നു. അയൽവാസി മുസ്ലിമോ, അമുസ്ലിമോ ആരുമാവട്ടെ, അവനെ സഹായിക്കേണ്ടതുണ്ടും, പരിഗണിക്കേണ്ടതും യഥാർത്ഥ മുസ്ലിമിന്റെ

നിർബ്ബന്ധ ബാധ്യതയാണ്. അയൽവാസി വിശന്നിരിക്കുന്നവനാണോ, രോഗിയാണോ, പാവപ്പെട്ടവനാണോ, അവശതയനുഭവിക്കുന്നവനാണോ തുടങ്ങിയ മുഴുവൻ കാര്യങ്ങളും ഒരു മുസ്ലിമായ അയൽവാസി അറിഞ്ഞിരിക്കണം. ആ വിഷയത്തിലുള്ള പ്രവാചക കൽപനകളിൽ ഒന്ന് നാം കാണുക:

عن ابن عباس قال قال رسول الله صلى الله عليه وسلم : (ليس المؤمن الذي يشبع وجاره جائع ) الطبراني وأبو يعلى

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: 'അയൽവാസി വിശന്നിരിക്കെ വയർ നിറച്ച് ആഹാരം കഴിക്കുന്നവൻ വിശ്വാസിയല്ല' (ത്വബ്റാനി, അബൂയഅ്ല)
ഇവിടെ അയൽവാസിയെന്നാണ് തിരുദൂതർ പറഞ്ഞത്, മുസ്ലിമോ, ഹിന്ദുവോ, ക്രൈസ്തവനോ, ജൂതനോ, മതമുള്ളവനോ, മതമില്ലാത്തവനോ ആരാണെങ്കിലും ശരി അയൽവാസിയുടെ പട്ടിണി മാറ്റേണ്ട ബാധ്യത ഒരു മുസ്ലിമിനുണ്ട്. പ്രവാചകൻ(ﷺ)യുടെ മറ്റൊരു വചനം നാം കാണുക:

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم: (من كان يؤمن بالله وباليوم الآخر فلا يؤذي جاره) بخاري ومسلم

അബൂഹുറൈറ(ﷺ)യിൽ നിന്നും, പ്രവാചകൻ(ﷺ) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ' (ബുഖാരി, മുസ്ലിം)
എത്ര ഉദാത്തമായ നിയമമാണ് ഇസ്ലാം പ്രവാചകനിലൂടെ ലോകത്തിന് പഠിപ്പിക്കുന്നത് എന്ന് നാം മനസിലാക്കുക. തന്റെ അയൽവാസി അത് ആരാണെങ്കിലും അവനെ ഉപദ്രവിക്കുന്നവൻ മുസ്ലിമല്ലായെന്നാണ് പഠിപ്പിക്കപ്പെടുന്നത്. അയൽവാസിയെയും, അവന്റെ കുടുംബത്തേയും, അവന്റെ സ്വത്തുക്കളും അവന്റെ അസാന്നിദ്ധ്യത്തിൽ സംരക്ഷിക്കേണ്ട ബാധ്യതപോലും മുസ്ലിമിനുണ്ടെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. അതിലേക്ക് വെളിച്ചം വീശുന്ന ഒരു പ്രവാചക വചനം നാം കാണുക:

عن مقداد رضي الله عنه قال: قال رسول الله صلى الله عليه وسلم:: (لأن يزني الرجل بعشرة نسوة أيسر عليه من أن يزني بامرأة جاره ) أحمد

മിഖ്ദാദ്(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: ‘അയൽവാസിയുടെ ഭാര്യയുമായി വ്യഭിചാരത്തിലേർപ്പെടുന്നത് പത്ത് സ്ത്രീകളുമായി വ്യഭിചരിക്കുന്നതിനേക്കാൾ കുറ്റകരമാകുന്നു’ (അഹ്മദ്)

വിവാഹം കഴിച്ച മുസ്ലിം വ്യഭിചരിച്ചാൽ അവനെ എറിഞ്ഞ് കൊല്ലണമെന്നാണ് ഇസ്ലാമിന്റെ വിധി. അങ്ങിനെയുള്ള പത്ത് ശിക്ഷ ലഭിക്കുന്ന പാപം ചെയ്യുന്നതിനേക്കാൾ ഭീകരമായ ശിക്ഷക്ക് വിധേയമാകുന്നതാണ് അയൽവാസിയുടെ ഭാര്യയുടെ അഭിമാനം പിച്ചി ചീന്തുന്നവന് ലഭിക്കാൻ പോകുന്നത് എന്ന താക്കീതിലൂടെ. ഇസ്ലാം ആ മേഖലയിൽ സുരക്ഷ ഉറപ്പ് വരുത്തുകയാണ് ഈ താക്കീതിലൂടെ ചെയ്യുന്നത്.

അയൽവാസി ആരായാലും രോഗിയായാൽ അവനെ സന്ദർശിക്കേണ്ടത് ഒരു മുസ്ലിമിന്റെ ബാധ്യതയായിട്ടാണ് കണക്കാക്കുന്നത്. ഒരു ഹദീസ് നാം കാണുക:

عن أنس رضي الله عنه قال (كان غلام يهودي يخدم النبي صلى الله عليه وسلم فمرض فأتاه النبي صلى الله عليه وسلم يعوده فقعد عند رأسه فقال له أسلم فنظر إلى أبيه وهو عنده فقال له أطع أبا القاسم صلى الله عليه وسلم فأسلم فخرج النبي صلى الله عليه وسلم وهو يقول الحمد لله الذي أنقذه من النار) ( صحيح البخاري - كتاب الجنائز)

അനസ്(ﷺ) നിവേദനം: നബി(ﷺ)ക്ക് പരിചാരകനായിക്കൊണ്ട് ഒരു ജൂതൻ ഉണ്ടായിരുന്നു. അവന് രോഗം ബാധിച്ചു. അപ്പോൾ നബി(ﷺ) അവനെ സന്ദർശിക്കുവാൻ ചെല്ലുകയും അവന്റെ തലക്ക് സമീപത്തായി ഇരിക്കുകയും ചെയ്തു. നബി(ﷺ) പറഞ്ഞു: നീ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നുവോ? ആ ഭൃത്യൻ അടുത്തുതന്നെ നിന്നിരുന്ന തന്റെ പിതാവിന്റെ നേരെ എന്തുവേണമെന്ന അർത്ഥത്തിൽ നോക്കി. അബുൽഖാസിമിനെ അനുസരിക്കൂ എന്നയാൾ പറഞ്ഞു. അപ്പോൾ അവൻ മുസ്ലിമായി. കുട്ടിയെ നരക ശിക്ഷയിൽ നിന്നു രക്ഷിച്ച അല്ലാഹുവിന് സർവ്വസ്തുതിയും എന്നു പറഞ്ഞു കൊണ്ട് നബി(ﷺ) അവിടെനിന്ന് പുറത്തുവന്നു. (ബുഖാരി)

മരണമടഞ്ഞ അമുസ്ലിമിനെ പോലും ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്യേണ്ടത് ഒരു മുസ്ലിമിന്റെ ബാധ്യതയായിട്ടാണ് റസൂലുല്ലാഹ്(ﷺ) തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്നിരിക്കുന്നത്. അതാണ് താഴെ വരുന്ന പ്രവാചക വചനത്തിലൂടെ നമ്മെ ബോധ്യപ്പെടുത്തുന്നത്.

'ജാബിർ(ﷺ) നിവേദനം: ഞങ്ങളുടെ അരികിലൂടെ ഒരു മയ്യിത്ത് കടന്നുപോയപ്പോൾ നബി(ﷺ) എഴുന്നേറ്റു നിന്നു. നബി(ﷺ) യോടൊപ്പം ഞങ്ങളും എഴുന്നേറ്റു. ഇതൊരു യഹൂദിയുടെ മയ്യിത്താണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നബി(ﷺ) അരുളി: നിങ്ങൾ ഏത് മയ്യിത്ത് കണ്ടാലും എഴുന്നേൽക്കുവീൻ. (ബുഖാരി.2.2 3.398)'
ഇങ്ങിനെ ബഹുമത സമൂഹത്തിൽ ജീവിക്കുന്ന ഒരു മുസ്ലിം എപ്രകാരമായിരിക്കണം മറ്റു മതസ്ഥരുമായി ഇടകലർന്ന് ജീവിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ എന്ന് കൃത്യമായി പഠിപ്പിച്ചു തന്നിരിക്കുന്നു. അത് നാം ജീവിതത്തിൽ പകർത്തുക.

എന്നാൽ തന്റെ വിശ്വാസവുമായി യോജിക്കാത്ത ഒരു കാര്യത്തിലും മറ്റുള്ളവരുമായി സഹകരിക്കുവാൻ പാടില്ല എന്നത് ഒരു മുസ്ലിം ശ്രദ്ധിക്കേണ്ട വിഷയമാണ്. മനുഷ്യൻ എന്ന നിലക്ക് യോജിക്കാവുന്ന കാര്യങ്ങളിൽ പരമാവധി യോജിക്കുകയും, വിശ്വാസവുമായി യോജിക്കാത്ത കാര്യത്തിൽ ഒരിക്കലും യാതൊരു കാരണവശാലും യോജിക്കാതിരിക്കുകയും ചെയ്യുക. അതുകൊണ്ടാണ് ഇസ്ലാമിൽ മത സൗഹാദർദ്ദമില്ല, മനുഷ്യ സൗഹാർദ്ദമാണ് ഉള്ളത് എന്ന് പറയുവാൻ കാരണം. മനുഷ്യ സൗഹാർദ്ദമാണ് നാം മുകളിൽ പ്രവാചക വചനങ്ങൾ തെളിവാക്കി വ്യക്തമാക്കിയത്. ഇനി ഒരു വിശ്വാസിക്ക് ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമാണ് സൂചിപ്പിക്കുന്നത്.

സർവ്വലോക രക്ഷിതാവായ പടച്ച തമ്പുരാൻ തൃപ്തിപ്പെട്ടതും, ലോകാവസാനം വരെ നിലനിൽക്കുന്നതുമായ മതമാണ് ഇസ്ലാം. ഇസ്ലാമിക നിയമങ്ങളും തത്വസംഹിതയും അല്ലാഹു മനുഷ്യർക്ക് പ്രവാചകനിലൂടെ സമ്പൂർണമാക്കിയിരിക്കുന്നു. അതിൽ യാതൊന്നും തന്നെ കൂട്ടുവാനോ കുറക്കുവാനോ ഒരാൾക്കും തന്നെ അവകാശമില്ല. എല്ലാ നന്മകളെയും അത് പ്രോൽസാഹിപ്പിക്കുകയും സർവ്വ തിന്മകളെയും അത് വിരോധിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അമുസ്ലിം ആഘോഷങ്ങളിലും, അവരുടെ മതത്തിന്റെയും, വിശ്വാസത്തിന്റെയും ഭാഗമായി നടത്തപ്പെടുന്ന പരിപാടികളിലും ഒരു മുസ്ലിം എന്ത് നിലപാടെടുക്കണമെന്ന് ഇസ്ലാമിക പ്രമാണങ്ങൾ വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. അത് ആചാരമാവട്ടെ, വിശ്വാസമാവട്ടെ, പ്രവർത്തനമാവട്ടെ, രൂപവും ഭാവവുമാവട്ടെ, വസ്ത്രത്തിന്റെ കാര്യത്തിലാവട്ടെ ഏത് കാര്യമായാലും ഇസ്ലാമിന് ഒരു പ്രത്യേക വ്യക്തിത്വവും, പ്രത്യേകതയുമുണ്ട്. അതിൽനിന്ന് തെറ്റിപ്പോകുവാൻ ഒരു മുസ്ലിമിനും അവകാശമില്ല, അനുവാദമില്ല.

എന്തിനേറെ സ്ത്രീകൾ പ്രത്യേകമായി ധരിക്കുന്ന വസ്ത്രം പുരുഷന് ധരിക്കുവാനോ, പുരുഷൻ പ്രത്യേകമായി ധരിക്കുന്ന വസ്ത്രം സ്ത്രീക്ക് ധരിക്കുവാനോ പാടില്ല. കാരണം ഇസ്ലാം ഓരോന്നിനും പ്രത്യേകം പ്രത്യേകം സ്ഥാനവും വ്യക്തിത്വവുമാണ് നൽകുന്നത്. അത് കൊണ്ട് തന്നെയാണ് ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസിലൂടെ പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നത്:

(عَنِ ابْنِ عَبَّاسٍ رَضِي اللهُ عَنْهما قَالَ: لَعَنَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْمُتَشَبِّهِينَ مِنَ الرِّجَالِ بِالنِّسَاءِ وَالْمُتَشَبِّهَاتِ مِنَ النِّسَاءِ بِالرِّجَالِ ) (بخاري)

ഇബ്നു അബ്ബാസ്(رضي الله عنهما) പറയുന്നു: ''സ്ത്രീകളോട് സാദൃശ്യം പുലർത്തുന്ന പുരുഷന്മാരെയും, പുരുഷന്മാരോട് സാദൃശ്യം പുലർത്തുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ പ്രവാചകൻ ശപിച്ചിരിക്കുന്നു'' (ബുഖാരി).

ഇവിടെ പുരുഷൻ സ്ത്രീയോടൊ, സ്ത്രീ പുരുഷനോടോ ഒരിക്കലും സാമ്യപ്പെടുവാനോ, ഓരോ വിഭാഗത്തിനും പ്രത്യേകമായി അല്ലാഹു നൽകിയ കാര്യങ്ങൾ മറുവിഭാഗം സ്വീകരിക്കുവാനോ പാടില്ലായെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. അങ്ങിനെയെങ്കിൽ വിശ്വാസ കാര്യങ്ങൾ പരസ്പരം സ്വീകരിക്കുന്നത് പാടില്ലാത്തതാണെന്ന കാര്യം പറയേണ്ടതുണ്ടോ?

**മറ്റു സമുദായങ്ങളോട് യോജിച്ചാൽ അവൻ അവരിൽ പെട്ടവനാണ്:**

അന്യ സമുദായങ്ങളോടും, അവരുടെ ആചാരങ്ങളോടും, വിശ്വാസങ്ങളോടും ആരോടെങ്കിലും യോജിക്കുകയാണെങ്കിൽ അവൻ അവരിൽ പെട്ടവനായി തീരുന്നതാണ്. തിരുമേനി(ﷺ) പറയുന്നു:

(عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ ) (أبوداود)

ഇബ്നു ഉമർ(رضي الله عنهما) പറയുന്നു: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ''ആരെങ്കിലും ഒരു സമുദായത്തോട് യോജിച്ചാൽ അവൻ അവരിൽ പെട്ടവനായി തീരുന്നതാണ്'' (അബൂദാവൂദ്).

**പ്രവാചകൻ(ﷺ)നമ്മെ താക്കീത് നൽകുന്നു.**

മുസ്ലിം സമുദായം പൂർവ്വിക സമുദായങ്ങളെ പിൻപറ്റുന്നതാണ്, അത് കൊണ്ട് തന്നെ അങ്ങിനെയുള്ള അവസരങ്ങളിൽ നിങ്ങൾ ഇസ്ലാമിക പ്രമാണങ്ങൾ എന്താണോ നമ്മെ പഠിപ്പിക്കുന്നത് അത് മുറുകെ പിടിച്ച് ജീവിക്കലാണ് നിങ്ങളുടെ പരലോക മോക്ഷത്തിന് നല്ലത് എന്നാണ് പ്രമാണങ്ങൾ നമ്മെ ഉണർത്തുന്നത്. തിരുമേനി(ﷺ) പറയുന്നു:

(عَنْ أَبِي سَعِيدٍ رَضِيَ اللهُ عَنْه أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لَتَتَّبِعُنَّ سَنَنَ مَنْ قَبْلَكُمْ شِبْرًا بِشِبْرٍ وَذِرَاعًا بِذِرَاعٍ حَتَّى لَوْ سَلَكُوا جُحْرَ ضَبٍّ لَسَلَكْتُمُوهُ قُلْنَا يَا رَسُولَ اللهِ الْيَهُودَ وَالنَّصَارَى قَالَ فَمَنْ ) (بخاري)

അബൂ സഈദ്(رضي الله عنه)വിൽ നിന്ന് നിവേദനം: തിരുമേനി(ﷺ) പറയുന്നു: "തീർച്ചയായും നിങ്ങൾ പൂർവ്വിക സമുദായങ്ങളെ ചാണിന് ചാണായും, മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യുന്നതാണ്, അവർ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചിരുന്നുവെങ്കിൽ നിങ്ങൾ പ്രയാസപ്പെട്ടെങ്കിലും അതിൽ പ്രവേശിക്കുന്നതാണ്, അപ്പോൾ സ്വഹാബാക്കൾ ചോദിക്കുകയുണ്ടായി: അല്ലയോ പ്രവാചകരെ, ജൂത ക്രൈസ്തവരേയാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? തിരുമേനി(ﷺ) അപ്പോൾ മറുപടി നൽകുകയുണ്ടായി: അല്ലാതെ ആരാണ്?" (ബുഖാരി).

കാലം കറങ്ങിക്കൊണ്ടിരിക്കുന്നതിനിടയിൽ മുസ്ലിം സമുദായം പടിപടിയായി പൂർവ്വിക സമുദായങ്ങളുടെ ആചാരങ്ങളും പരിപാടികളും സ്വന്തം ജീവിതത്തിലേക്ക് പകർത്തുന്ന ദയനീയമായ കാഴ്ചയാണ് നമുക്ക് ഇന്ന് കാണാനാവുന്നത്. അതിൽപെട്ട വളരെ അപകടം നിറഞ്ഞ ഒരു ആചാരമാണ് മുസ്ലിം സമുദായത്തിലേക്ക് കടന്ന് വന്നിട്ടുള്ള ജൂത ക്രൈസ്തവരുടെ ജാറ വ്യവസായം.ഖബറുകൾ കെട്ടിപ്പൊക്കുകയും അവിടെ നേർച്ചകളും,വഴിപാടുകളും അർപ്പിക്കുകയും ചെയ്യുകയും, ഉൽസവങ്ങളും, കൊടി കുത്തും, ചന്ദനക്കുടവും, പൂരങ്ങളും, അപ്പ വാണിഭ നേർച്ചയും, ആണ്ട് നേർച്ചയും മറ്റും, മറ്റും നടന്ന് വരികയും ചെയ്യുന്നു. പ്രവാചക(ﷺ)ന്റെ തിരുമൊഴികൾ അതേപടി പുലരുന്നതാണ് നമുക്കിവിടെ കാണാനാവുന്നത്. പണ്ഡിതന്മാരാണെന്ന് വേഷങ്ങളിലൂടെ തെളിയിക്കുന്ന പൗരോഹിത്യം അതിന് തെളിവുകളും പ്രമാണങ്ങളും ഉണ്ടാക്കി നടക്കുകയും അതിലൂടെ തങ്ങളുടെ ഉപജീവനം കണ്ടെത്തുകയും ചെയ്യുന്ന ഭീകരവും അപകടപരവുമായ

കാഴ്ച ഹൃദയത്തിൽ അൽപമെങ്കിലും ഈമാനുള്ള ഓരോ മുസ്ലിമിനെയും ഭയപ്പെടുത്തുകയും ദു:ഖിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ എത്രയെത്രെ ആചാരങ്ങൾ, ആഘോഷങ്ങൾ, പരിപാടികൾ മുസ്ലിം സമൂഹം അന്യസമുദായത്തിൽ നിന്ന് കടമെടുത്തു. സ്ത്രീധനം, ആണ്ടുകളും, ജന്മദിനങ്ങളും, മരണം ജനനം പ്രസവം ഖബറുകൾ എന്നിവയുമായി ബന്ധപ്പെട്ട എണ്ണിയാലൊടുങ്ങാത്ത ഒട്ടനവധി ആചാരാനാചാരങ്ങൾ... ഇങ്ങനെ പോവുന്നു ആ പട്ടിക. മുസ്ലിം സമുദായത്തിന് രക്ഷയും, അന്തസ്സും ലഭിക്കണമെങ്കിൽ അല്ലാഹു തൃപ്തിപ്പെട്ട മതത്തിന്റെ പ്രമാണങ്ങളിലേക്ക് മടങ്ങണം, അത് മാത്രമാണ് രക്ഷ.

**<u>നിങ്ങൾ മുശ്രിക്കുകളോട് എതിരാവുക:</u>**

താടിയുടെയും മീശയുടെയും കാര്യത്തിൽ പോലും നിങ്ങൾ മുശ്രിക്കുകളോട് എതിരാവണമെന്നാണ് ഇസ്ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. അങ്ങിനെയെങ്കിൽ മതാചാരങ്ങളുടെ കാര്യം പറയേണ്ടതുണ്ടോ? തിരുമേനി(ﷺ) പറയുന്നു:

(عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: خَالِفُوا الْمُشْرِكِينَ أَحْفُوا الشَّوَارِبَ وَأَوْفُوا اللِّحَى) (مسلم)

ഇബ്നു ഉമർ(رضي الله عنه)വിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറയുന്നു: ''നിങ്ങൾ മുശ്രിക്കുകളോട് എതിരാവുക, നിങ്ങൾ മീശ വെട്ടുകയും, താടി വളർത്തുകയും ചെയ്യുക'' (മുസ്ലിം).

**<u>നിങ്ങൾ ജൂതന്മാരോട് എതിരാവുക:</u>**

നിങ്ങൾ ഒരിക്കലും ജൂതന്മാരെ അനുകരിക്കുകയോ, അവരെ അനുകരിക്കുകയോ, അവരെ പിൻപറ്റുകളേയാ ചെയ്യാൻ പാടില്ല. അത് കാലിൽ ചെരുപ്പ് ധരിച്ച് കൊണ്ട് അരാധനാ കർമ്മങ്ങൾ ചെയ്യുന്ന വിഷയത്തിൽ ആണെങ്കിലും ശരി. തിരുമേനി(ﷺ) പറയുന്നത് നോക്കുക:

(عَنْ يَعْلَى بْنِ شَدَّادِ بْنِ أَوْسٍ عَنْ أَبِيهِ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : خَالِفُوا الْيَهُودَ فَإِنَّهُمْ لاَ يُصَلُّونَ فِي نِعَالِهِمْ وَلاَ خِفَافِهِمْ ) (أبوداود)

യഹ്ലബ്നു ശദ്ദാദ്ബ്നു ഔസ്(رضي الله عنه)തന്റെ പിതാവിൽ നിന്നും പറയുന്നു: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ''നിങ്ങൾ ജൂതന്മാരോട് എ

തിരാവുക,കാരണം അവർ അവരുടെ ചെരുപ്പുകളും, ഖുഫ്ഫകളും ധരിച്ച് കൊണ്ട് നമസ്കരിക്കാറില്ല, (അബൂദാവൂദ്). അതായത് ജൂതന്മാർ ചെരുപ്പ് ധരിച്ച് കൊണ്ട് നമസ്കരിക്കാറില്ല, അതുകൊണ്ട് തന്നെ നിങ്ങൾ ചെരുപ്പുകളും ഖുഫ്ഫകളും ധരിച്ച് കൊണ്ട് നിങ്ങൾ നമസ്കരിക്കുക. അതിന് ഇസ്ലാം അനുവാദം നൽകുന്നുണ്ട്. ഈ നിസ്സാരമായ കാര്യത്തിൽ പോലും നിങ്ങൾ ജൂതന്മാരോട് എതിരാവണം.പിന്നെ അവരുടെ ആഘോഷങ്ങളിലും പരിപാടികളിലും വിശ്വാസങ്ങളിലും എങ്ങിനെ ഒരു മുസ്ലിമിന് പങ്കാളികളാവാൻ കഴിയും, അതിന് സഹായിക്കാൻ കഴിയും. നാം ചിന്തിക്കേണ്ട വിഷയമല്ലേ?

**<u>നിങ്ങൾ അഗ്നിയാരാധകരോട് എതിരാവുക:</u>**

അഗ്നിയാരാധകരായ മജൂസികളോട് പോലും നിങ്ങൾ എതിരാവണമെന്നാണ് ഇസ്ലാമിന് മുസ്ലീംകളെ പഠിപ്പിക്കുവാനുള്ളത്. തിരുമേനി (ﷺ) പറയുന്നു:

(عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: جُزُّوا الشَّوَارِبَ وَأَرْخُوا اللِّحَى خَالِفُوا الْمَجُوسَ) (مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുന്നു: ‘‘നിങ്ങൾ മീശ വെട്ടുകയും, താടി വളർത്തുകയും ചെയ്യുക, നിങ്ങൾ അഗ്നിയാരാധകരോട് എതിരാവുക’’ (മുസ്ലിം). ഇങ്ങനെയെങ്കിൽ ഒരു മുസ്ലിമിന് മജൂസികളുടെ ഉൽസവങ്ങളിൽ എങ്ങിനെ പങ്കെടുക്കുവാൻ സാധിക്കും?.

**<u>നിങ്ങൾ പേർഷ്യക്കാരോടും, റോമക്കാരോടും എതിരാവുക:</u>**

عَنْ جَابِرٍ أَنَّهُ قَالَ اشْتَكَى رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَصَلَّيْنَا وَرَاءَهُ وَهُوَ قَاعِدٌ وَأَبُو بَكْرٍ يُكَبِّرُ يُسْمِعُ النَّاسَ تَكْبِيرَهُ فَالْتَفَتَ إِلَيْنَا فَرَآنَا قِيَامًا فَأَشَارَ إِلَيْنَا فَقَعَدْنَا فَصَلَّيْنَا بِصَلاَتِهِ قُعُودًا فَلَمَّا سَلَّمَ قَالَ: إِنْ كُنْتُمْ آنِفًا تَفْعَلُونَ فِعْلَ فَارِسَ وَالرُّومِ يَقُومُونَ عَلَى مُلُوكِهِمْ وَهُمْ قُعُودٌ فَلاَ تَفْعَلُوا ائْتَمُّوا بِأَئِمَّتِكُمْ إِنْ صَلَّى قَائِمًا فَصَلُّوا قِيَامًا وَإِنْ صَلَّى قَاعِدًا فَصَلُّوا قُعُودًا (مسلم والنسائي)

ജാബിർ(رضي الله عنه)വിൽ നിന്ന് അദ്ദേഹം പറയുന്നു: പ്രവാചകൻ(ﷺ)ക്ക് രോഗമായപ്പോൾ പ്രവാചകൻ(ﷺ) ഇരുന്ന് നമസ്കരിക്കുന്ന വേളയിൽ

ഞങ്ങൾ അദ്ദേഹത്തെ തുടർന്ന് നമസ്കരിക്കുകയുണ്ടായി, പ്രവാചക (ﷺ)ന്റെ തക്ബീർ ജനങ്ങൾക്ക് കേൾക്കുവാനായി അബൂബക്കർ(ﷺ) ഏറ്റ് ചൊല്ലുകയും ചെയ്ത് കൊണ്ടിരുന്നു, അങ്ങിനെ തിരുമേനി(ﷺ) ഞങ്ങളിലേക്ക് തിരിഞ്ഞു, അപ്പോൾ ഞങ്ങൾ നിന്ന് നമസ്കരിക്കുന്ന തായിട്ടാണ് അദ്ദേഹം കണ്ടത്, അങ്ങിനെ തന്റെ കൈകൊണ്ട് ഇരിക്കു വാൻ ആംഗ്യം കാണിച്ചു, അങ്ങിനെ ഞങ്ങൾ ഇരിക്കുകയും ചെയ്ത് കൊണ്ട് അദ്ദേഹത്തോടൊപ്പം നമസ്കരിച്ചു. സലാം വീട്ടിയതിന് ശേ ഷം ഞങ്ങളോട് പറയുകയുണ്ടായി: ''നിങ്ങൾ കുറച്ച് മുമ്പ് ചെയ്തിരു ന്നത് പേർഷ്യക്കാരുടെയും, റോമാക്കാരുടെയും പ്രവർത്തനങ്ങളാണ്, അവർ അവരുടെ രാജാക്കന്മാർക്ക് വേണ്ടി എഴുന്നേറ്റ് നിൽക്കാറുണ്ട്, രാജാക്കന്മാർ ഇരിക്കുകയും ചെയ്യുന്നു. നിങ്ങൾ അങ്ങിനെ ചെയ്യാൻ പാടില്ല. നിങ്ങൾ നിങ്ങളുടെ നേതാവിനേ അനുസരിക്കുക, അദ്ദേഹം നിന്ന് നമസ്കരിച്ചാൽ നിങ്ങളും നിന്ന് നമസ്കരിക്കുക, അദ്ദേഹം ഇ രുന്ന് നമസ്കരിച്ചാൽ നിങ്ങളും ഇരുന്ന് നമസ്കരിക്കുക'' (മുസ്ലിം, ന സാഇ)

**<u>പ്രവാചകൻ(ﷺ) എതിരായി, ഒരു നോമ്പനുഷ്ഠിക്കുന്ന വിഷയത്തിൽ പോലും:</u>**

തിരുമേനി(ﷺ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ വരുക യും, അവിടെയുള്ള ജൂതന്മാർ നോറ്റ് കൊണ്ടിരുന്ന മുഹർറം പത്തി ലെ നോമ്പ് പ്രവാചകൻ(ﷺ) നോൽക്കുകയും ചെയ്തപ്പോൾ സ്വഹാ ബികൾ തിരുമേനി(ﷺ)യോട് ചോദിക്കുകയാണ്, പ്രവാചകരെ, ഈ നോമ്പ് ജൂതന്മാർ അനുഷ്ഠിക്കുന്നതാണല്ലോ? പിന്നെയെങ്ങിനെയാണ് നാം നോൽക്കുകയെന്ന് പറയപ്പെട്ടപ്പോൾ തിരുമേനി(ﷺ) അവരോട് പറയുന്നത് അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ അ വരോട് എതിരാവാനായി മുഹർറം ഒൻപതിനും നോമ്പനുഷ്ഠിക്കുമെ ന്ന് പ്രഖ്യാപിക്കുകയുണ്ടായി. ജൂതന്മാരോട് എതിരാവാൻ, അവരോട് സാമ്യതയില്ലാതിരിക്കുവാൻ. ആ ഹദീസ് താഴെ കൊടുക്കട്ടെ.

(أَبَا غَطَفَانَ بْنَ طَرِيفٍ الْمُرِّيَّ يَقُولُ سَمِعْتُ عَبْدَ اللَّهِ بْنَ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا يَقُولُ حِينَ صَامَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمَ عَاشُورَاءَ وَأَمَرَ بِصِيَامِهِ قَالُوا: يَا رَسُولَ اللَّهِ إِنَّهُ يَوْمٌ تُعَظِّمُهُ الْيَهُودُ وَالنَّصَارَى فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَإِذَا كَانَ الْعَامُ

الْمُقْبِلُ إِنْ شَاءَ اللهُ صُمْنَا الْيَوْمَ التَّاسِعَ قَالَ فَلَمْ يَأْتِ الْعَامُ الْمُقْبِلُ حَتَّى تُوُفِّيَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ) (مسلم)

അബൂഗ്വത്ഫാൻബ്നു ത്വരീഫ് അൽ മിർറി(ﷺ) പറയുന്നു, അബ്ദുല്ലാ ഇബ്നു അബ്ബാസ്(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) മുഹർറം പത്തിന് നോമ്പനുഷ്ഠിക്കുകയും, അത് മറ്റുള്ളവരോട് കൽപിക്കുകയും ചെയ്തപ്പോൾ പ്രവാചക(ﷺ)നോട് പറയപ്പെട്ടു: “പ്രവാചകരെ, ഈ ദിവസം ജൂതക്രൈസ്തവർ പ്രത്യേകമാക്കുന്ന ദിവസമാണല്ലോ? അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: ‘അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ ഒൻപതിനും നോമ്പനുഷ്ഠിക്കുന്നതാണ്. പക്ഷേ, അടുത്ത വർഷം പ്രവാചകൻ(ﷺ) ജീവിച്ചിരുന്നില്ല’ (മുസ്ലിം). വീണ്ടും പറയുന്നത് ശ്രദ്ധിക്കുക:

(عَنْ ابْنِ عَبَّاسٍ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: صُومُوا يَوْمَ عَاشُورَاءَ وَخَالِفُوا فِيهِ الْيَهُودَ صُومُوا قَبْلَهُ يَوْمًا أَوْ بَعْدَهُ يَوْمًا ) (الترمذي)

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയാണ്: “നിങ്ങൾ മുഹർറം പത്തിന് നോമ്പനുഷ്ഠിക്കുക, അതിൽ നിങ്ങൾ ജൂതന്മാരോട് എതിരാവാനായി മുഹർറം പത്തിന് ഒരു ദിവസം മുമ്പോ, ഒരു ദിവസം ശേഷമോ നോമ്പനുഷ്ഠിക്കുക” (തിർമിദി).

ജാഹിലിയ്യാ കാലത്തുണ്ടായിരുന്ന ആഘോഷ ദിവസങ്ങൾ പ്രവാചകൻ(ﷺ) വിരോധിക്കുന്നു:

(عَنْ أَنَسٍ قَالَ: قَدِمَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْمَدِينَةَ وَلَهُمْ يَوْمَانِ يَلْعَبُونَ فِيهِمَا فَقَالَ: مَا هَذَانِ الْيَوْمَانِ قَالُوا كُنَّا نَلْعَبُ فِيهِمَا فِي الْجَاهِلِيَّةِ، فَقَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: إِنَّ اللهَ قَدْ أَبْدَلَكُمْ بِهِمَا خَيْرًا مِنْهُمَا يَوْمَ الْأَضْحَى وَيَوْمَ الْفِطْرِ) (أبوداود)

അനസ്(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) മദീനയിലേക്ക് വന്ന സന്ദർഭത്തിൽ മദീനക്കാർക്ക് കളിക്കാനുള്ള രണ്ട് ദിവസങ്ങളുണ്ടായിരുന്നു. അപ്പോൾ തിരുമേനി(ﷺ) ചോദിക്കുകയുണ്ടായി: ഈ രണ്ട് ദിവസങ്ങൾ എന്താണ്? അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാഹിലിയ്യാ കാലത്ത് കളിച്ചിരുന്ന രണ്ട് ദിവസങ്ങളാണിത്. ആ സമയം തിരുമേനി(ﷺ)

അവരോട് പറഞ്ഞു: "തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ആ രണ്ട് ദിവസത്തേക്കാൾ ഉത്തമമായതിനെ പകരം നൽകിയിരിക്കുന്നു, ബലിദിനവും, ഫിത്വർ ദിനവും..." (അബൂദാവൂദ്).

**സൂര്യാരാധകരുടെ ആരാധനാ സമയത്ത് നമസ്കാരം പോലും പ്രവാചകൻ(ﷺ) വിലക്കുന്നു:**

ഇസ്ലാം ചില സന്ദർഭങ്ങളിൽ നമസ്കാരം വിലക്കിയിട്ടുണ്ട്. കാരണം ആ സന്ദർഭങ്ങളിലാണ് സൂര്യാരാധകർ സൂര്യന് സുജൂദ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ പ്രസ്തുത സമയങ്ങളിൽ നിങ്ങൾ അവരോട് സാമ്യപ്പെടാൻ സാധ്യതയുള്ളത് കൊണ്ട് തന്നെ ആ സമയത്ത് നമസ്കാരം വിലക്കുകയാണ് ചെയ്യുന്നത്. അപ്പോൾ കാര്യം എത്ര മാത്രം ഗൗരവമാണെന്ന് നാം ചിന്തിക്കുക. ഇമാം മുസ്ലിമും അഹ്മദും ഉദ്ദരിക്കുന്ന ഹദീസിൽ നമുക്ക് കാണാം: സുബഹി നമസ്കാരത്തിന് ശേഷം സൂര്യോദയം വരെയും, സൂര്യൻ ആകാശ മധ്യത്തിൽ നിൽക്കുമ്പോഴും, അസർ നമസ്കാരം മുതൽ സൂര്യൻ അസ്തമിക്കുന്നത് വരെയും നമസ്കരിക്കുവാൻ പാടില്ല, കാരണം ആ സമയങ്ങളിലാണ് സൂര്യനെ ആരാധിക്കുന്നവർ ആരാധന നടത്തുന്നത്. (മുസ്ലിം,അഹ്മദ്)

പുരാതന കാലത്ത് ഏതെങ്കിലും മതത്തിന്റെ ഭാഗമായി വല്ലതും നടത്തിയിരുന്ന സ്ഥലത്ത് ആരാധന പാടില്ല.

(عن ثَابِتُ بْنُ الضَّحَّاكِ قَالَ نَذَرَ رَجُلٌ عَلَى عَهْدِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ يَنْحَرَ إِبِلاً بِبُوَانَةَ فَأَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ إِنِّي نَذَرْتُ أَنْ أَنْحَرَ إِبِلاً بِبُوَانَةَ فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ هَلْ كَانَ فِيهَا وَثَنٌ مِنْ أَوْثَانِ الْجَاهِلِيَّةِ يُعْبَدُ قَالُوا لاَ قَالَ هَلْ كَانَ فِيهَا عِيدٌ مِنْ أَعْيَادِهِمْ قَالُوا لاَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَوْفِ بِنَذْرِكَ فَإِنَّهُ لاَ وَفَاءَ لِنَذْرٍ فِي مَعْصِيَةِ اللَّهِ وَلاَ فِيمَا لاَ يَمْلِكُ ابْنُ آدَمَ ) (أبوداود)

സാബിത്ബ്നു ളഹാക്കി(ﷺ)ൽ നിന്നും, അദ്ദേഹം പറഞ്ഞു: പ്രവാചകൻ(ﷺ)യുടെ കാലത്ത് ഒരാൾ ബുവാനയെന്ന് പറയുന്ന സ്ഥലത്ത് ഒരു ഒട്ടകത്തെ അറുക്കുവാൻ നേർച്ചയാക്കി, എന്നിട്ട് പ്രവാചകന്റെയടുത്ത് വന്ന് കൊണ്ട് പറഞ്ഞു: പ്രവാചകരെ, ഞാൻ ബുവാനയെന്ന് പറയുന്ന സ്ഥലത്ത് ഒരു ഒട്ടകത്തെ ബലിയറുക്കുവാൻ നേർച്ചയാക്കിയിട്ടുണ്ട്. ആ സമയത്ത് തിരുമേനി(ﷺ) ചോദിച്ചു: ജാഹിലിയ്യാ കാലത്ത്

അവിടെ ആരാധിക്കപ്പെടുന്ന വല്ല വിഗ്രഹവും ഉണ്ടായിരുന്നോ? അവർ പറഞ്ഞു: ഇല്ല പ്രവാചകരെ, വീണ്ടും ചോദിച്ചു: അവിടെ അവരുടെ വല്ല ആഘോഷങ്ങളും ഉണ്ടായിരുന്നുവോ? അവർ പറഞ്ഞു: ഇല്ല പ്രവാചകരെ,അപ്പോൾ പ്രവാചകൻ(ﷺ) അദ്ദേഹത്തോട് പറയുകയുണ്ടായി: ''നീ നിന്റെ നേർച്ച വീട്ടുക, അല്ലാഹുവിനെ ധിക്കരിച്ച് കൊണ്ട് ഒരു നേർച്ചയും വീട്ടുവാൻ പാടില്ല, അതു പോലെ മനുഷ്യന് സാധിക്കാത്തതിലും നേർച്ച വീട്ടേണ്ടതില്ല'' (അബൂദാവൂദ്).

ഇവിടെ പ്രവാചകൻ(ﷺ) അവരോട് ചോദിക്കുന്ന ചോദ്യങ്ങൾ നാം ശരിക്കും ശ്രദ്ധിക്കേണ്ടതുണ്ട്, പണ്ട് അവിടെ വല്ല വിഗ്രഹങ്ങളുണ്ടായിരുന്നുവോ, വല്ല ആഘോഷങ്ങൾ ഉണ്ടായിരുന്നുവോ? അങ്ങിനെ ഉണ്ടെങ്കിൽ നേർച്ചയാണെങ്കിൽ പോലും അവിടെ വീട്ടാൻ പാടില്ല. അത്രയും ഗൗരവതരമാണ് കാര്യം. അങ്ങിനെയെങ്കിൽ പിന്നെയെങ്ങിനെ മുസ്ലീംകൾ അന്യരുടെ ഉൽസവങ്ങളിലും, ആഘോഷങ്ങളിലും, വിശ്വാസങ്ങളിലും പങ്കെടുക്കും.

**വസ്ത്രം ധരിക്കുന്നതിൽ പോലും അന്യമതസ്ഥരോട് എതിരാവണം:**

(أَنَّ عَبْدَ اللَّهِ بْنَ عَمْرِو بْنِ الْعَاصِ أَخْبَرَهُ قَالَ رَأَى رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَيَّ ثَوْبَيْنِ مُعَصْفَرَيْنِ فَقَالَ: إِنَّ هَذِهِ مِنْ ثِيَابِ الْكُفَّارِ فَلاَ تَلْبَسْهَا ) (مسلم)

അബ്ദുല്ലാ ഇബ്നു അമ്ർബ്നുൽ ആസ്(رضي الله عنه) അറിയിക്കുകയുണ്ടായി, അദ്ദേഹം പറയുന്നു: എന്റെ അടുത്ത് മഞ്ഞച്ചായം മുക്കിയ രണ്ട് വസ്ത്രം പ്രവാചകൻ(ﷺ) കാണുകയുണ്ടായി, ആ സന്ദർഭത്തിൽ തിരുമേനി(ﷺ) പറഞ്ഞു: തീർച്ചയായും ഇത് അവിശ്വാസികളുടെ വസ്ത്രമാണ്, നിങ്ങളത് ധരിക്കുവാൻ പാടില്ല'' (മുസ്ലിം).

ഒരു വസ്ത്രത്തിൽ എന്തിരിക്കുന്നുവെന്ന് ചിലരെങ്കിലും ചോദിച്ചേക്കും. അതേ, ഇസ്ലാം സർവ്വേശ്വരനായ രക്ഷിതാവിൽ നിന്നും അവതരിച്ച മതമാണ്, ആ മതത്തിൽ അവന്റെ റസൂൽ(ﷺ) പഠിപ്പിച്ച നിയമങ്ങൾ കർക്കശമായി തന്നെ പാലിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ അവൻ യഥാർത്ഥ മുസ്ലിമാവുകയുള്ളൂ. അതു കൊണ്ട് തന്നെ അമുസ്ലീംകളുടെ ആഘോഷങ്ങളിലോ, ഉൽസവങ്ങളിലോ, പരിപാടികളിലോ പങ്കെടുക്കുവാനോ, അതിന് വേണ്ട സഹായങ്ങൾ നൽകുവാനോ, അവ

രുടെ ആരാധനാലയങ്ങളിൽ പ്രവേശിക്കുവാനോ ഒരു മുസ്ലിമിന് പാടുള്ളതല്ല.

എന്നാൽ ഇസ്ലാമിന്റെ പേര് പറഞ്ഞ് ഖുർആനും തിരുസുന്നത്തുമാണ് പ്രമാണമായി അംഗീകരിക്കുന്നതെന്ന് പറയുന്ന ഇസ്ലാമിക സംഘടനകൾ തന്നെ ഇതിൽ ഒരു അയഞ്ഞ നിലപാടാണ് എടുക്കുന്നത്. അത് വളരെയധികം കരുതിയിരിക്കേണ്ട കാര്യമാണ്.നാം ജീവിക്കുന്നത് ബഹുമത സമൂഹത്തിലല്ലേ ഇങ്ങനെയൊക്കെ കടും പിടുത്തം പാടുണ്ടോയെന്ന് ചോദിച്ചേക്കാം. ഇവിടെ നമുക്ക് പറയുവാനുള്ള മറുപടി പ്രബോധനത്തിന്റെ എല്ലാ വശവും പഠിച്ചയാളാണ്, ഉത്തമ പ്രബോധനകനാണ് ഇസ്ലാമിന്റെ പ്രവാചകൻ, ആ പ്രവാചകൻ(ﷺ) എപ്രകാരമാണോ നമ്മോട് പറയുന്നത് അപ്രകാരം നാം അത് ജീവിതത്തിൽ പകർത്തുക മാത്രമെ നമുക്ക് നിർവ്വാഹമുള്ളൂ. മത ആശയങ്ങളും വിശ്വാസങ്ങളും പരസ്പരം കൈമാറിയുള്ള മത സൗഹാർദ്ദം ഒരിക്കലും തിരുമേനി(ﷺ) പഠിപ്പിച്ചിട്ടില്ല. മറിച്ച് മത അനുയായികളുമായുള്ള സൗഹാർദ്ദമാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് പ്രവാചകൻ(ﷺ)തന്റെ അനുയായികളിൽ തന്നെ ഒരുപാട് പേർ സമ്പന്നരുണ്ടായിട്ട് പോലും ഒരു ജൂതന്റെ കയ്യിൽ നിന്നാണ് തന്റെ പടയങ്കി പണയപ്പെടുത്തിക്കൊണ്ട് പണം കടം വാങ്ങുന്നത്. ഒരു ജൂതന്റെ കുട്ടി രോഗിയായപ്പോൾ തിരുമേനി(ﷺ) അവിടെ രോഗസന്ദർശനം നടത്തുന്നത്. അയൽവാസി ഏത് മതത്തിൽ പെട്ടവനാവട്ടെ അവനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ് ഇസ്ലാം കൽപിക്കുന്നതും, പ്രവാചകൻ(ﷺ) നമുക്ക് കാണിച്ച് തരുന്നതും. ഇതാണ് മതാനുയായികളുമായുള്ള സൗഹാർദ്ദം. ഈ സൗഹാർദ്ദമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. അതല്ലാതെ മറ്റു മതസ്ഥരുടെ ആഘോഷങ്ങളിലും, വിശ്വാസങ്ങളിലും പങ്ക് ചേരുകയും പരസ്പരം പങ്ക്വെക്കുകയും ചെയ്യുകയെന്നുള്ളത് ഒരു മുസ്ലിമിന് ഭൂഷണമല്ല.
ചിന്തിക്കുക!

ഒരു മുസ്ലിം ക്രൈസ്തവർ കൊണ്ടാടുന്ന ക്രിസ്തുമസിന് ആശംസകൾ അർപ്പിക്കുകയോ, ഗ്രീറ്റിംങ്ങ് കാർഡുകൾ അയക്കുകയോ, വീട്ടിൽ നക്ഷത്രം തൂക്കുകയോ, ക്രിസ്തുമസ് മരം ഉണ്ടാക്കുകയോ, അവരുടെ ആരാധനലായത്തിൽ പ്രവേശിക്കുകയോ, അവരുടെ ഉൽസവത്തിൽ പങ്കെടുക്കുകയോ ചെയ്യുമ്പോൾ എന്തിനാണ് അവൻ ആശം

സയർപ്പിക്കുന്നത്, അനുഭാവം പുലർത്തുന്നത് എന്ന് ഒരിക്കലെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ? വെറും കെട്ടുകഥകൾ നിറഞ്ഞതും, അടിസ്ഥാന രഹിതവുമായ കാര്യത്തിനാണ് തന്റെ ആശംസയർപ്പിക്കുന്നത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഡിസംബർ 25 നാണ് ക്രൈസ്തവർ ക്രിസ്തുമസ് ആഘോഷിക്കാറുള്ളത്. ഇതിന് ബൈബിളിൽ തന്നെ യാതൊരു അടിസ്ഥാനവുമില്ല. ഇനി അവരുടെ വിശ്വാസമാവട്ടെ ഇതിലും അപകടകരമാണ്. അവർ പറയുന്നത് യേശു ദൈവത്തിന്റെ പുത്രനാണെന്നാണ്, ആ വാദത്തിനാണ് നാം ഓശാന പാടുന്നത്, കാർഡുകൾ അയക്കുന്നത്, ഹാപ്പി ക്രിസ്തുമസ് എന്ന് പറയുന്നത്. നാം ചിന്തിക്കേണ്ടതില്ലേ? ഖുർആൻ ആ കാര്യം ഇപ്രകാരം പറയുന്നതായി കാണാം:

(وَقَالُوا اتَّخَذَ الرَّحْمَنُ وَلَدًا * لَقَدْ جِئْتُمْ شَيْئًا إِدًّا * تَكَادُ السَّمَوَاتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ الأَرْضُ وَتَخِرُّ الْجِبَالُ هَدًّا * أَنْ دَعَوْا لِلرَّحْمَانِ وَلَدًا * وَمَا يَنْبَغِي لِلرَّحْمَانِ أَنْ يَتَّخِذَ وَلَدًا)

(مريم:88-92)

'പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. (അപ്രകാരം പറയുന്നവരേ,) തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു. അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്യുമാറാകും.(അതെ,)പരമകാരുണികന് സന്താനമുണ്ടെന്ന് അവർ വാദിച്ചത് നിമിത്തം.സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്യമാവുകയില്ല.'(മർയം:88-92)

ക്രൈസ്തവർ ഇങ്ങനെ വാദിച്ചത് കൊണ്ട് തന്നെ ആകാശങ്ങൾ പൊട്ടി വീഴുകയും, ഭൂമി പിളരുകയും, പർവ്വതങ്ങൾ വീണ് പോവുകയും ചെയ്യാറായിട്ടുണ്ട്. അത്രയും ഭീകരവും അപകടവും നിറഞ്ഞതാണ് ഈ വാദം. അങ്ങിനെയുള്ള വാദത്തിനാണ് നാം ഹാപ്പിയെന്ന് പറയുന്നത്, ആശംസകൾ അയക്കുന്നത്, പങ്കെടുക്കുന്നത്. ചിന്തിക്കുക, കാര്യം മനസിലാക്കുക, മാറി നിൽക്കുക, സത്യത്തിന്റെ കൂടെ നിൽക്കുക. ഇതുപോലെ തന്നെയാണ് മറ്റു ഉൽസവങ്ങളും, ആഘോഷങ്ങളും. മഹാബലിയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ട ഓണമാവട്ടെ, അതുപോലെ വിശുവാകട്ടെ ഏതുമാവട്ടെ ഇതൊന്നും തന്നെ നാം ചെയ്യാൻ പാടില്ല. ഖേദകരമെന്ന് പറയട്ടെ പല ഇസ്ലാമിക സംഘടനകളും അവരുടെ നാവുകളിലൂടെ പറയുകയും, പേജുകളിലൂടെ എഴുതുകയും, സ്റ്റേജുകളിലൂടെ പുറത്ത് വിടുകയും ചെയ്യുന്നത് ഇസ്ലാമിക പ്ര

മാണങ്ങൾക്ക് നിരക്കാത്തതാണ്. ശബരിമലയിലേക്ക് പോകുന്നവർക്ക് യാത്രയയപ്പും, ആശീർവാദവും നൽകുന്നവരും, സ്വാമിമാർക്ക് സ്വാഗതമോതുകയും, ഓണക്കിറ്റുകൾ വിതരണം നടത്തുകയും, ക്ഷേത്രങ്ങളിൽ നടക്കുന്ന പൂജാകർമ്മങ്ങൾ ഉദ്ഘാടനം ചെയ്യുന്നവരും, ക്രിസ്തുമസിന് ആശംസാ കാർഡുകൾ അയക്കുന്നവരും മുസ്ലീംകളാണെന്ന് പറയുന്നവരുടെ കൂട്ടത്തിലുണ്ട്. കാര്യം വളരെ ഗൗരവതരമാണ്. ആരാണോ മറ്റുള്ളവരോട് യോജിക്കുന്നത് അവൻ അവരിൽ പെട്ടതാണെന്ന കാരുണ്യത്തിന്റെ പ്രവാചക(ﷺ)ന്റെ തിരുമൊഴി ഓർമ്മപ്പെടുത്തുക മാത്രമെ നമുക്ക് ഇത്തരക്കാരോട് ചെയ്യുവാനുള്ളൂ.

ഈ വിഷയത്തിൽ ഉന്നതന്മാരായ പണ്ഡിതന്മാർ നൽകിയ ഫത്വകൾ കൂടി വായിക്കുമ്പോൾ ഈ കാര്യം നമുക്ക് ഒന്നുകൂടി മനസിലാകുന്നതാണ്. സഊദി അറേബ്യയിൽ ഈ അടുത്ത് മരിച്ച് പോയ മുഹമ്മദ് സ്വാലിഹ് അൽ ഉഥൈമീൻ(ﷺ)യോട് ചോദിക്കുകയുണ്ടായി:

**ചോദ്യം:** അവിശ്വാസികളുടെ ഉൽസവമായ ക്രിസ്തുമസിന് ആശംസയർപ്പിക്കുന്നതിന്റെ വിധിയെന്താണ്? നമ്മോട് അവർ അതിന്റെ ആശംസയർപ്പിച്ചാൽ അവർക്കെങ്ങിനെ നാം മറുപടി നൽകും? ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ഉൽസവങ്ങൾ നടത്തപ്പെടുന്ന സ്ഥലങ്ങളിലേക്ക് നമുക്ക് പോകുവാൻ പാടുണ്ടോ? യാതൊരു ഉദ്ദേശവുമില്ലാതെ അവിടെ നടത്തപ്പെടുന്ന വല്ലതും മനുഷ്യൻ ചെയ്ത് പോയാൽ അവൻ കുറ്റക്കാരനാണോ? അവരെ തൃപ്തിപ്പെടുത്തുവാനോ, ലജ്ജയോട് കൂടിയോ, മറ്റു വല്ല കാരണങ്ങൾ കൊണ്ടോ വല്ലതും ചെയ്താൽ അതിന്റെ വിധിയെന്താണ്? അതിൽ അവരോട് യോജിക്കുന്നത് അനുവദനീയമാണോ?

**ഉത്തരം:** ക്രിസ്തുമസ് പോലെയുള്ള അവിശ്വാസികളുടെ മതപരമായ ആഘോഷങ്ങൾക്ക് ആശംസയർപ്പിക്കുന്നത് ഹറാമാണെന്ന കാര്യത്തിൽ മുഴുവൻ പണ്ഡിതന്മാരും യോജിച്ചതാണ്. (أحكام أهل الذمة) എന്ന ഗ്രന്ഥത്തിൽ ഇബ്നുൽ ഖയ്യിം പറയുന്നു: അവിശ്വാസികളുടെ പ്രത്യേകമായ ചിഹ്നങ്ങൾക്ക് ആശംസയർപ്പിക്കുന്നത് നിഷിദ്ധമാണെന്നതിൽ പണ്ഡിതന്മാർ യോജിച്ചിട്ടുണ്ട്.ഉദാഹരണമായി അവരുടെ ആഘോഷങ്ങൾക്കും, നോമ്പിനും അനുഗ്രഹീതമായ ഉൽസവം, അല്ലെങ്കിൽ ഈ ആഘോഷത്തിന് സർവ്വ വിധ ആശംസയും എന്നൊക്കെ

പറയൽ, ഇങ്ങനെ ആശംസയർപ്പിക്കുന്നവൻ അവിശ്വാസിയാകുന്നില്ലെങ്കിലും അവന്റെ പ്രവർത്തനം ഹറാമിൽ പെട്ടതാണ്. മാത്രവുമല്ല കുരിശിന് സൂജുദ് ചെയ്യുമ്പോൾ അതിനാണ് അവൻ ആശംസയർപ്പിക്കുന്നത്. അത് കൊണ്ട് തന്നെ അല്ലാഹുവിന്റെയടുത്ത് ഇത് വളരെ വലിയ പാപവും, മദ്യപാനത്തിനും, മനുഷ്യവധത്തിനും, വ്യഭിചാരത്തിനും ആശംസയർപ്പിക്കുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന കോപത്തേക്കാൾ വലിയ കോപമുണ്ടാകുന്ന കാര്യവുമാണിത്.മതനിയമങ്ങൾ അറിയാത്ത അധികമാളുകളും ഈ കെണിയിൽ വീഴുന്നതായി നമുക്ക് കാണാനാവും. അവൻ ചെയ്യുന്ന പ്രവർത്തനത്തിന്റെ മ്ലേഛത അവനറിയില്ല. ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കുന്ന ആഘോഷത്തിനോ, ഒരു ബിദ്അത്തിനോ, അവിശ്വാസത്തിനോ ആശംസയർപ്പിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ ശിക്ഷക്കും കോപത്തിനും ഇരയായിരിക്കുന്നു.'' ഇബ്നുൽ ഖയ്യിമിന്റെ വാചകം ഇവിടെ അവസാനിക്കുന്നു.

ഇബ്നുൽ ഖയ്യിം പറഞ്ഞതിന്റെ ചുരുക്കം, അവിശ്വാസികളുടെ മതപരമായ ആഘോഷങ്ങൾക്ക് ആശംസയർപ്പിക്കുന്നത് നിഷിദ്ധമാണ്. കാരണം അതിൽ അവർ ഏതൊരു ആശയത്തിലാണോ ആ ആഘോഷം ആഘോഷിക്കുന്നത് അതിനെ തൃപ്തിപ്പെടുകയാണ് ആശംസയർപ്പിക്കുന്നവൻ ചെയ്യുന്നത്. അവൻ അതിലുള്ള അവിശ്വാസത്തെ തൃപ്തിപ്പെടുന്നില്ലെങ്കിലും ശരി, അവിശ്വാസികളുടെ ചിഹ്നങ്ങളെ ഒരു മുസ്ലിമും തൃപ്തിപ്പെടുവാൻ പാടില്ല, കാരണം അല്ലാഹു അത് ഒരിക്കലും തൃപ്തിപ്പെടുന്നില്ല. അല്ലാഹു പറയുന്നു:

(إِنْ تَكْفُرُوا فَإِنَّ اللَّهَ غَنِيٌّ عَنْكُمْ وَلاَ يَرْضَى لِعِبَادِهِ الْكُفْرَ وَإِنْ تَشْكُرُوا يَرْضَهُ لَكُمْ )

(الزمر:7)

'നിങ്ങൾ അവിശ്വാസം കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തന്റെ ദാസൻമാർ അവിശ്വാസം കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം നിങ്ങളോട് അത് വഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്' (സുമർ:7).

( الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِنْ دِينِكُمْ فَلاَ تَخْشَوْهُمْ وَاخْشَوْنِي الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا ) (المائدة:3)

'ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.' (മാഇദഃ:3)

അത് കൊണ്ട് തന്നെ ആഘോഷങ്ങളിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരിക്കുകയോ ചെയ്താലും ശരി അതിന് ആശംസയർപ്പിക്കുന്നത് നിഷിദ്ധമാണ്.

ഇനി അവർ അവരുടെ ആഘോഷ വേളയിൽ നമ്മോട് ഇങ്ങോട്ട് ആശംസയർപ്പിക്കുകയാണെങ്കിൽ നാം അവർക്ക് ഉത്തരം നൽകുവാൻ പാടില്ല. കാരണം ആ ആഘോഷം അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അത് അവർ അവരുടെ മതത്തിൽ പുതുതായി ഉണ്ടാക്കിയതോ, അതല്ലെങ്കിൽ അവരുടെ ശരീഅത്ത് അനുശാസിക്കുന്നതോ ആയ ആഘോഷമായിരിക്കും, പക്ഷേ മുഹമ്മദ് നബി(ﷺ)യെ നിയോഗിച്ചയച്ച ഇസ്ലാം മതത്തോടെ അതെല്ലാം ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. ഈ മതം എല്ലാവരുടെയും മതമാണ്. അല്ലാഹു ഈ വിഷയത്തിൽ പറയുന്നു:

(وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الآخِرَةِ مِنْ الْخَاسِرِينَ)(آل عمران: 85)

'ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും' (ആലുഇംറാൻ:85).

ഈ ആഘോഷങ്ങളുടെ ഭാഗമായുള്ള ക്ഷണത്തിന് ഒരു മുസ്ലിം ഉത്തരം നൽകുകയാണെങ്കിൽ അത് നിഷിദ്ധമാണ്. അത്കൊണ്ട് തന്നെ അതിൽ പങ്കെടുക്കുന്നതും, അതിന് ആശംസയർപ്പിക്കുന്നതും പാപമാണ് കുറ്റകരമാണ്.

അപ്രകാരം തന്നെയാണ് അമുസ്ലീംകളോട് സാദൃശ്യപ്പെടുന്നതും, ഇതിന്റെ ഭാഗമായി ഉൽസവങ്ങൾ സംഘടിപ്പിക്കുന്നതും നിഷിദ്ധമാണ്, അതുപോലെ സമ്മാനങ്ങൾ കൈമാറുന്നതും, മധുര പലഹാരങ്ങൾ വിതരണം നടത്തുന്നതും, കേക്ക് മുറിക്കുന്നതും, ജോലി ലീവാക്കുന്നതും പോലെയുള്ള കാര്യങ്ങൾ നിഷിദ്ധമാണ്. കാരണം പ്ര

വാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും ഒരു സമൂഹത്തോട് യോജിച്ചാൽ അവൻ അവരിൽ പെട്ടവനാണ്." (اقتضاء الصراط المستقيم) എന്ന ഗ്രന്ഥത്തിൽ ഇമാം ഇബ്നു തീമിയ്യ പറയുന്നു: "അവിശ്വാസികളുടെ ആഘോഷങ്ങളോട് സാദൃശ്യപ്പെടുന്നത് അവർ ഏത് നിരർത്ഥകതയിലാണോ നിലകൊള്ളുന്നത് ആ നിരർത്ഥകതയിൽ അതിൽ പങ്കെടുക്കുന്നവരുടെ ഹൃദയവും, മനസും തൃപ്തിപ്പെടലാകുന്നു, ചിലപ്പോൾ അതി ലുണ്ടാക്കുന്ന നിഷിദ്ധമായ ഭക്ഷണങ്ങൾ അവസരം മുതലെടുത്ത് കൊണ്ട് ദുർബ്ബലരും, ദരിദ്രരും ഭക്ഷിക്കുകയും ചെയ്തേക്കാം. ഇതും പാടില്ലാത്തതാണ്." ഇബ്നു തീമിയ്യയുടെ വാചകം ഇവിടെ അവസാ നിക്കുന്നു.

ഉദ്ദേശിക്കാതെയോ, സാഹചര്യമോ, മറ്റുവല്ല കാരണം കൊണ്ടോ ആരെങ്കിലും ഇപ്രകാരം ചെയ്യുകയാണെങ്കിൽ അവൻ കുറ്റക്കാരനാണ്. കാരണം അതെല്ലാം തന്നെ അല്ലാഹുവിന്റെ യഥാർത്ഥ മതത്തെ കൊച്ചാക്കലും കളിയാക്കലുമാണ്. അത് പോലെ അവിശ്വാസികളുടെ മനസിന് സ്ഥൈര്യം നൽകലും, അവരുടെ മതം കൊണ്ട് അവർക്ക് അഹങ്കാരം നടിക്കുവാനുള്ള ഒരു കാരണവുമായി തീരും.

മുസ്ലീംകൾക്ക് അവരുടെ മതം മുഖേന അല്ലാഹു പ്രതാപം നൽകുമാറാവട്ടെ, ആ മതത്തിൽ തന്നെ ഉറച്ച് നിൽക്കുവാനുള്ള സൗഭാഗ്യം നൽകട്ടെ, ശത്രുക്കൾക്കെതിരിൽ അല്ലാഹു മുസ്ലീംകളെ സഹായിക്കുകയും ചെയ്യുമാറാവട്ടെ, അല്ലാഹു പ്രതാപവാനും ശക്തനുമാകുന്നു.

**(فتاوى علماء بلد الحرام -ص 100-102)**

<u>**പ്രത്യേകം അറിയേണ്ടത്:**</u>

തെളിവുകളുടെ പിൻബലത്തോടെ നാം കാര്യങ്ങൾ വിശദീകരിച്ച് കഴിഞ്ഞു, ഇസ്ലാമിനെ മതമായി തൃപ്തിപ്പെടുകയും, മുഹമ്മദ് നബി(ﷺ)യെ പ്രവാചകനായി അംഗീകരിക്കുകയും ചെയ്ത ഓരോ മുസ്ലിമും അനുവർത്തിക്കേണ്ട നിയമമാണ് നാം വിശദീകരിച്ചത്. ഇനിയും ആരെങ്കിലും ദുർന്യായങ്ങൾ നിരത്തുകയാണെങ്കിൽ അല്ലാഹു അവർക്ക് സന്മാർഗം നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ആരെങ്കിലും അമുസ്ലീംകളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയാണെങ്കിൽ അവന് സംഭവിക്കാവുന്ന കാര്യങ്ങൾ കൂടി കുറിക്കട്ടെ...

ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ: (اقتضاء الصراط المستقيم)എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇമാം അഹ്മദും അതുപോലെയുള്ള മറ്റു പണ്ഡിതന്മാരും ഈ ഹദീസിൽ നിന്ന് തെളിവ് പിടിച്ചിട്ടുണ്ട്. ആരെങ്കിലും മറ്റുള്ളവരോട് സാദൃശ്യപ്പെടുകയാണെങ്കിൽ അതിലുള്ള ഏറ്റവും ചെറിയ വിധി അവൻ നിഷിദ്ധമായത് ചെയ്തുവെന്നാണ്. താഴെ വരുന്ന ഹദീസിലുള്ളത് പോലെയാണ്:''ആരെങ്കിലും വല്ലവരെയെങ്കിലും പിൻപറ്റിയാൽ അവൻ അവരിൽ പെട്ടവനാകുന്നു''.മാത്രവുമല്ല, ഈ കാര്യം അബ്ദുല്ലാഇബ്നു അമ്ര് പറഞ്ഞതിനോട് തുല്യവുമാണ്: ''ആരെങ്കിലും അവിശ്വാസികളുടെ ... ഉൽസവങ്ങൾ ഉണ്ടാക്കുകയോ, അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയോ ചെയ്ത് കൊണ്ടാണ് മരിച്ച് പോകുന്നതെങ്കിൽ അവസാന നാളിൽ അവനെ അവരോടൊപ്പം ഒരുമിച്ച് കൂട്ടുന്നതാണ്. (സുനനുൽ ബൈഅഖി).

**അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകയില്ല:**

(مَا يَوَدُّ الَّذِينَ كَفَرُوا مِنْ أَهْلِ الْكِتَابِ وَلاَ الْمُشْرِكِينَ أَنْ يُنَزَّلَ عَلَيْكُمْ مِنْ خَيْرٍ مِنْ رَبِّكُمْ ) (البقرة:105)

'നിങ്ങളുടെ രക്ഷിതാവിൽ നിന്നും വല്ല നൻമയും നിങ്ങളുടെ മേൽ ഇറക്കപ്പെടുന്നത് വേദക്കാരിലും ബഹുദൈവാരാധകൻമാരിലും പെട്ട സത്യനിഷേധികൾ ഒട്ടും ഇഷ്ടപ്പെടുന്നില്ല.' (അൽബഖറ:105)

**നഷ്ടക്കാരാകും:**

(يَاأَيُّهَا الَّذِينَ آمَنُوا إِنْ تُطِيعُوا الَّذِينَ كَفَرُوا يَرُدُّوكُمْ عَلَى أَعْقَابِكُمْ فَتَنْقَلِبُوا خَاسِرِينَ)

(آل عمران: 149)

'സത്യവിശ്വാസികളേ, സത്യനിഷേധികളെ നിങ്ങൾ അനുസരിച്ച് പോയാൽ അവർ നിങ്ങളെ പുറകോട്ട് തിരിച്ചുകൊണ്ടു പോകും. അങ്ങനെ നിങ്ങൾ നഷ്ടക്കാരായി മാറിപ്പോകും' (ആലുഇംറാൻ:149).

**വിശ്വാസം നഷ്ടമാവും:**

(يَاأَيُّهَا الَّذِينَ آمَنُوا إِنْ تُطِيعُوا فَرِيقًا مِنَ الَّذِينَ أُوتُوا الْكِتَابَ يَرُدُّوكُمْ بَعْدَ إِيمَانِكُمْ كَافِرِينَ) (آل عمران: 100 )

'സത്യവിശ്വാസികളേ, വേദഗ്രന്ഥം നൽകപ്പെട്ടവരിൽ ഒരു വിഭാഗത്തെ നിങ്ങൾ അനുസരിക്കുന്ന പക്ഷം നിങ്ങൾ വിശ്വാസം സ്വീകരിച്ചതിന്

ശേഷം അവർ നിങ്ങളെ അവിശ്വാസികളായി മാറ്റിയേക്കും.' (ആലു ഇംറാൻ:100).

**അല്ലാഹുവിന്റെ ശിക്ഷയിറങ്ങും:**

عمر بن الخطاب رضي الله عنه أنه قال: اجتنبوا أعداء الله اليهود والنصارى في عيدهم يوم جمعهم فإن السخط ينزل عليهم فأخشى أن يصيبكم ...) ( سنن البيهقي)

ഉമറുബ്നുൽ ഖത്വാബ്(ﷺ) പറയുന്നു: "നിങ്ങൾ അല്ലാഹുവിന്റെ ശത്രുക്കളായ ജൂതക്രൈസ്തവരുടെ ആഘോഷങ്ങളിലും, അവർ ഒരുമിച്ച് കൂടുന്ന ദിവസങ്ങളിൽ നിന്നും വിട്ട് നിൽക്കുക, കാരണം അവരുടെ മേൽ അല്ലാഹുവിന്റെ കോപം ഇറങ്ങുന്നതാണ്, അത് നിങ്ങളെയും ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു ... " (സുനനുൽ ബൈഹഖി).

പ്രമാണബദ്ധമായ വിശദീകരണത്തോടെ നാം മനസിലാക്കിയത് അന്യമതസ്ഥരുടെ ഉൽസവങ്ങളിലും, ആഘോഷങ്ങളിലും ഒരു മുസ്ലിമിന് പങ്കെടുക്കുവാനോ, സഹകരിക്കുവാനോ പാടില്ലായെന്നാണ്. അല്ലാഹു നമുക്കെല്ലാവർക്കും സന്മാർഗം നൽകുമാറാവട്ടെ, അവന്റെ മതനിയമങ്ങൾ ആർക്കെതിരാണെങ്കിലും ജീവിതത്തിൽ അനുവർത്തിക്കുവാനുള്ള സാഹചര്യവും, മന:ക്കരുത്തും പ്രദാനം ചെയ്യുമാറാവട്ടെ, അവന്റെ ജന്നാത്തുൽ ഫിർദൗസിൽ പ്രവേശിക്കുവാനുതകുന്ന കർമ്മങ്ങൾ ചെയ്യുവാനുള്ള സാഹചര്യവും, ചുറ്റുപാടും, വിശ്വാസ സ്ഥൈര്യവും നമുക്കേവർക്കും നൽകുമാറാവട്ടെ, അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*********